നം. ഇ.എച്ച് 1/35189/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി, 02/09/2021

## സർക്കുലർ

വിഷയം – ആ.വ.ഡ.–2021 ലെ പൊതു സ്ഥലംമാറ്റത്തിലെ സ്പാർക്ക് അപ്ഡേഷൻ – സംബന്ധിച്ച്

സംസ്ഥാന ആരോഗ്യവകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ സേവന വിവരങ്ങൾ (നിലവിലെ തസ്തിക, ജില്ലയിൽ എന്ന് മുതൽ, സ്ഥാപനത്തിൽ എന്നു മുതൽ തുടങ്ങിയവ) സർവ്വീസ് രേഖകളുടെ അടിസ്ഥാനത്തിൽ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്തിയാൽ മാത്രമേ കുറ്റമറ്റ രീതിയിൽ പൊതുസ്ഥലം മാറ്റ നടത്തൽ കഴിയുകയുള്ളൂ. പല സ്ഥാപന ങ്ങളും ജീവനക്കാരുടെ സേവന വിവരങ്ങൾ ശരിയായ രീതിയിൽ രേഖപ്പെടുത്താത്ത തിനാൽ ( ഉദാ:- ഗ്രേഡ് 2 ൽ ജോലി ചെയ്യുന്ന ജീവനക്കാരന് ഹയർഗ്രേഡ് ലഭിച്ചാൽ ഉയർന്ന ശമ്പളം ലഭിക്കുന്ന ടി ജീവനക്കാരന് ഗ്രേഡ് 2 (H/G) എന്ന് വ്യക്തമായി സ്പാർക്കിൽ രേഖപ്പെടുത്തണം). കരട് ലിസ്റ്റിൽ തെറ്റുകൾ ഉണ്ടാകുകയും കരട് ലിസ്റ്റിൽ ഉൾപ്പെടാതെ ജീവനക്കാർക്ക് ഫൈനൽ ലിസ്റ്റിൽ സ്ഥലം മാറ്റം അനുവദിക്കേണ്ടുന്ന സാഹചര്യം വരുകയും ഇത് കോടതി വ്യവഹാരങ്ങളിലേക്ക് നീളുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു.

ആയതിനാൽ 2021 ലെ പൊതുസ്ഥലം മാറ്റത്തിനുള്ള നടപടികൾക്ക് മുന്നോടിയായി, എല്ലാ സ്ഥാപനമേധാവികളും വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ സേവന വിവരങ്ങൾ ഡോക്ടർമാരുടെ കൺസൾട്ടന്റ് സ്പെഷ്യാലിറ്റി ഉൾപ്പെടെ രേഖപ്പെടുത്തി എന്ന് ഉറപ്പു വരുത്തി ആയതിന്റെ പകർപ്പ് സഹിതം താഴെ പറയുന്ന സാക്ഷ്യപത്രം 17/09/2021 ന് മുമ്പായി ജില്ലാ മെഡിക്കൽ ആഫീസർക്ക് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ നൽകേണ്ടതാണ്.

ജില്ലാ മെഡിക്കൽ ആഫീസർമാർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ജില്ലയിലെ എല്ലാ സ്ഥാപനങ്ങളുടെയും സാക്ഷ്യപത്രത്തിൻ മേൽ ഉറപ്പ് വരുത്തി രണ്ടാം സാക്ഷ്യപത്രം 24/09/2021 ന് മുമ്പ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. അതോടൊപ്പം ജില്ലയിൽ 3 വർഷത്തിൽ കൂടുതലായി ജോലി ചെയ്തു വരുന്നവരുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ അയച്ചു തരേണ്ടതുമാണ്.

കൃത്യമായ രേഖപ്പെടുത്തലുകളുടെ അഭാവത്താൽ പൊതുസ്ഥലംമാറ്റ ഉത്തരവിൽ തെറ്റുകൾ സംഭവിച്ചാൽ ആ സ്ഥാപന മേധാവിക്കും ജില്ലാ അധികാരികൾക്കും എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/പത്തനംതിട്ട/
കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/
മലപ്പുറം/ കോഴിക്കോട്/ വയനാട്/കണ്ണൂർ/കാസർഗോഡ്

പകർപ്പ്

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

എ.എസ്. 6/9/21

365 55

GOVERNMENT OF KERALA 2017-18

## സാക്ഷ്യപത്രം 1
(സ്ഥാപനങ്ങൾക്ക്)

ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്ന (സ്പാർക്ക് മുഖേന ശമ്പളം മാറി നൽകുന്ന) എല്ലാ ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ കൃത്യമായി സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തി കൊള്ളുന്നു.

സ്ഥാപന മേധാവി :
പേര് :
ഒപ്പ് :
സ്ഥാപനം :

തീയതി :

# സാക്ഷ്യപത്രം I

ഈ ജില്ലയിൽ ജോലി ചെയ്തു വരുന്ന എല്ലാ ജീവനക്കാരുടെയും സേവന വിവരങ്ങൾ കൃത്യമായി സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ലഭ്യമാക്കിയ സാക്ഷ്യപത്രം പരിശോധിച്ച് ഉറപ്പ് വരുത്തിയെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഡി.എം.ഒ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് :

ഒപ്പ് :
പേര് :
ജില്ല :

തീയതി :

746577

## പ്രൊഫോർമ

(തസ്തിക തിരിച്ച്)

തസ്തിക :

| ക്രമ നം. | പേര്<br>പെൻ.നം. | എന്ന് മുതൽ ജില്ലയിൽ തുടരുന്നു | നിലവിലെ സ്ഥാപനം |
|---|---|---|---|
| | | | |



GOVERNMENT OF KERALA 2017-18